Spl messenger

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ (വ്യയം.ബി) വകുപ്പ് - കേരള സർവ്വീസ് ചട്ടങ്ങളിലെ അനുബന്ധം XII A, അനുബന്ധം XII C എന്നിവ പ്രകാരമുള്ള ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം അതാതു വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നല്കികൊണ്ട് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

ധനകാര്യ (വ്യയം.ബി) വകുപ്പ്

സ.ഉ(പി)നം.656/2012/ധന തിരുവനന്തപുരം, തീയതി; 01/12/2012.

---

പരാമർശം; 6/8/08 ലെ സ.ഉ(പി)നം.350/08/ധന

## ഉത്തരവ്

1. കേരള സർവ്വീസ് ചട്ടം ഭാഗം I അനുബന്ധം XII 'എ' യും XII 'സി' യും ചട്ടങ്ങൾ അനുസരിച്ച് ശൂന്യവേതനാവധി അനുവദിക്കുന്നതിനുള്ള അധികാരം ഭരണവകുപ്പുകൾക്ക് നൽകി സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. അവധി അനുവദിക്കുന്നതിനുള്ള നടപടികൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ ഭാഗം I അനുബന്ധം XII 'എ' യും XII 'സി' യും ചട്ടങ്ങൾ അനുസരിച്ച് നിലവിലുള്ള അവധി ദീർഘിപ്പിച്ച് നൽകുന്നതുൾപ്പെടെ ശൂന്യവേതന അവധി അനുവദിക്കുന്നതിനുള്ള അധികാരം അതാത് വകുപ്പ് അദ്ധ്യക്ഷൻമാർക്ക് നല്കി ഉത്തരവാകുന്നു. ടി അധികാരം വിനിയോഗിക്കുമ്പോൾ അവധി സംബന്ധിച്ച ചട്ടങ്ങൾ കർശനമായി പാലിച്ചിരിക്കേണ്ടതാണ്.

3. ചട്ടങ്ങളിൽ ഇളവ് വരുത്തി അവധി അനുവദിക്കേണ്ട സാഹചര്യങ്ങളിൽ വകുപ്പ് തലവൻമാർ ബന്ധപ്പെട്ട ഭരണവകുപ്പുകളുടെ അനുമതി തേടേണ്ടതും ഭരണവകുപ്പുകൾ ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടി മാത്രം ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം.

ഡോ. വി.പി.ജോയി

ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ),കേരള, തിരുവനന്തപുരം.

എല്ലാ അഡിഷണൽ ചീഫ് സെക്രട്ടറിമാർക്കും/ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/

സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.

പൊതുഭരണ (എസ്.സി) വകുപ്പ്.

എല്ലാ ജില്ലാ കളക്ടർമാർക്കും.

മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.

എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്

പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി / ചീഫ് വിപ്പ്

ചീഫ് സെക്രട്ടറിയുടെ അഡിഷണൽ സെക്രട്ടറി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവൻമാർക്കും.

സെക്രട്ടറി സ്റ്റേറ്റ് ഇൻഫർമേഷൻ കമ്മീഷൻ, തിരുവനന്തപുരം.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ്.

✓നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഒ.സി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ